അംഗൻവാടികളുടെ ശോച്യാവസ്ഥ

285(3492) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടികളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) കഴിഞ്ഞ നാലരവർഷത്തിനുള്ളിൽ എത്ര പുതിയ അംഗൻവാടി കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കി നൽകിയെന്ന് പറയാമോ ;

(സി) പണിപൂർത്തിയാക്കാത്ത കെട്ടിടങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ ;

(ഡി) സുരക്ഷിതമല്ലാത്ത വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ എത്രയെന്ന് പറയാമോ ?

ഉത്തരം

(എ) ശോച്യാവസ്ഥയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ള അങ്കണവാടികളിൽ കെട്ടിടം നിർമ്മിക്കുന്നതിന് ചുവടെ ചേർക്കും പ്രകാരം ഫണ്ട് അനുവദിച്ചിട്ടുണ്ട്.

വർഷം	അനുവദിച്ച തുക	ചെലവഴിച്ച തുക	റിമാർക്സ്
2011-12	5452.49 ലക്ഷം	15,68,76,619	ശേഷിക്കുന്ന തുക നിർമ്മാണം പൂർത്തീകരിച്ച് ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്.
2012-13	1,22,50,000	77,00,000	
2013-14	4687.28 ലക്ഷം	403.19 ലക്ഷം	
2014-15	1305.92 ലക്ഷം	69.96 ലക്ഷം	
2015-16	1495 ലക്ഷം	---	

അടിസ്ഥാന സൗകര്യമില്ലാതെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളെ സുരക്ഷിതമായ വാടകകെട്ടിടങ്ങളിലേക്ക് മാറ്റി പ്രവർത്തിപ്പിക്കുന്നതിന് ബന്ധപ്പെട്ട സി.ഡി.പി.ഒ.-മാർക്കും ജില്ലാ പ്രോഗ്രാം ഓഫീസർമാർക്കും സാമൂഹ്യനീതി ഡയറക്ടർ നിർദ്ദേശം കൊടുത്തിട്ടുണ്ട്. റൂറൽ ഏരിയായിൽ പ്രതിമാസ വാടക 750 രൂപയായും അർബൺ ഏരിയായിൽ 3000 രൂപയായും ഉയർത്തിയിട്ടുണ്ട്. ടി തുകയിൽ അധികരിക്കുന്ന തുക ആവശ്യമായി വരുന്ന പക്ഷം ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനം മുഖേന കണ്ടെത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 283 അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) 594 അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാനുണ്ട്.

(ഡി) എല്ലാ വർഷവും ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനം ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന കെട്ടിടങ്ങളിൽ മാത്രമേ അംഗൻവാടികൾ പ്രവർത്തിക്കുന്നുള്ളൂ.

അനാഥാലയങ്ങൾക്ക് ലഭിക്കേണ്ട ഗ്രാന്റ്

286 (3493) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റിന്റെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന അനാഥാലയങ്ങൾക്ക് ലഭിക്കേണ്ട ഗ്രാന്റ് വിതരണത്തിൽ കുടിശ്ശിക വന്നിട്ടുണ്ടോ; പ്രസ്തുത ഗ്രാന്റുകൾ ഏതു വർഷം വരെ വിതരണം ചെയ്തു; 2013-14, 2014-15 വർഷങ്ങളിലെ കുടിശ്ശിക അടിയന്തരമായി വിതരണം ചെയ്യുന്നതിനു നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾക്ക് റേഷൻ പെർമിറ്റ് വഴി ലഭിക്കേണ്ട അരി, ഗോതമ്പ് എന്നിവ ഭാഗികമായും, പഞ്ചസാര പൂർണ്ണമായും ലഭിക്കാത്ത സാഹചര്യത്തിൽ ഇവ യഥാസമയം വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. നടപ്പുസാമ്പത്തിക വർഷം ഉൾപ്പെടെയുള്ള കുടിശ്ശിക തുക നൽകുന്നതിനായി 48,38,65,000 രൂപയുടെ അലോട്ട്മെന്റ് നൽകിയിട്ടുണ്ട്.

(ബി) ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

അംഗപരിമിതർക്ക് വാഹനങ്ങൾ നൽകുന്ന പദ്ധതി

287 (3494) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗപരിമിതർക്ക് മുച്ചക്ര വാഹനങ്ങൾ /സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ എന്നിവ നൽകുന്നതിന് എന്തെല്ലാം പദ്ധതികളാണ് സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പേർക്ക് പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭ്യമാക്കി നൽകിയെന്നും ഏതൊക്കെ ഏജൻസികൾ മുഖേനയാണ് അവ വിതരണം നടത്തിയതെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly